**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 528** **09-08-2023 - ൽ മറുപടിയ്ക്ക്**

**പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സാമൂഹ്യസുരക്ഷാ സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിനും ഡീസലിനും 2 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി നാളിതു വരെ എത്ര തുക സമാഹരിച്ചിട്ടുണ്ടെന്നും ഇതിൽ നിന്ന് എത്ര തുക സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിന് ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | പെട്രോളിനും ഡീസലിനും 2 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി 31 ജൂലൈ 2023 വരെ 260.56 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് മാത്രമായി ഏകദേശം 800 കോടിയോളം രൂപ ആവശ്യമാണ്. നിലവിൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിനുള്ള തുക, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നു. |
| (ബി) | പ്രതിമാസം സമാഹരിക്കുന്ന തുകയും പെൻഷൻ വിതരണത്തിന് പ്രതിമാസം ആവശ്യമായി വരുന്ന തുകയും തമ്മിലുള്ള വ്യത്യാസം എത്ര രൂപയാണെന്നും പ്രതിമാസ പെൻഷൻ വിതരണത്തിന് ആവശ്യമായതിൽ കൂടുതൽ തുക ഈ സെസ് വഴി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 800 കോടിയോളം രൂപ ആവശ്യമാണ്. ആയതിനാൽ പെൻഷൻ വിതരണത്തിന് ആവശ്യമായി വരുന്ന തുകയുടെ ചെറിയ ഒരു ഭാഗം മാത്രമേ സെസിൽ നിന്നും പ്രതീക്ഷിക്കുന്നുള്ളൂ. കേന്ദ്ര സർക്കാർ നയങ്ങൾ മൂലം അനുഭവപ്പെടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ക്ഷേമ പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ഏപ്രിൽ 2023 വരെയുള്ള പെൻഷൻ വിതരണം ചെയ്തു കഴിഞ്ഞു. മെയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ആഗസ്റ്റ് 2023 ന് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പെട്രോളിനും ഡീസലിനും സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയത് വഴി കുടിശികയില്ലാതെ പെൻഷൻ വിതരണം നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ സെസ് ഏർപ്പെടുത്തിയിട്ടും അതിന് കഴിയാത്തത് എന്തുകൊണ്ടെന്നും തുക ഏതെങ്കിലും മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | ബി പിരിവിനുള്ള ഉത്തരം തന്നെ ബാധകം. |

സെക്ഷൻ ഓഫീസർ